LIBRARY ARCHIVES Kerala Legislative Assembly

കേരള യൂണിവേഴ്സിറ്റിയുടെ ബിരുദപഠനതലത്തിലെ സെമസ്റ്ററൈസേഷൻ

132 (7101) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ബിരുദപഠനതലത്തിൽ പഠ്യപരിഷ്കരണത്തിന്റെ ഭാഗമായി സെമസ്റ്ററൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) സെമസ്റ്ററൈസേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള പഠനം യൂണിവേഴ്സിറ്റി നടത്തിയിട്ടുണ്ടോ ;

(സി) ഈ മേഖലയിൽ അദ്ധ്യാപനം നടത്തിവരുന്നവരെയും പലവിധ കാരണങ്ങളാൽ ഗവൺമെന്റ് / എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടുവാൻ കഴിയാതെ പ്രൈവറ്റ് രജിസ്ട്രേഷനെ ആശ്രയിക്കുന്ന വിദ്യാർത്ഥികളെയും തികച്ചും പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അംഗീകൃത കോളേജുകളിലും ബിരുദപഠനം സെമസ്റ്ററൈസേഷൻ രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. കേരള സർവ്വകലാശാലയുടെ വിദൂര പഠനകേന്ദ്രം മുഖേന നടത്തുന്ന യു.ജി. കോഴ്സുകളുടെ സെമസ്റ്ററൈസേഷൻ 2015-16 അദ്ധ്യയന വർഷം മുതൽ നടപ്പാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഡോ.കെ.ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡിഗ്രി തലത്തിൽ സെമസ്റ്ററൈസേഷൻ നടപ്പിലാക്കിയിട്ടുള്ളത്. കേരള സർവ്വകലാശാലയുടെ വിദൂര പഠന കേന്ദ്രം മുഖേന നടത്തുന്ന യു.ജി., പി.ജി. കോഴ്സുകൾ സെമസ്റ്ററൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായി നിയമാവലി രൂപപ്പെടുത്തുന്നതിലേക്കായി ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിത നടപടി സ്വീകരിക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റിയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കൽ

133 (7102) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റഗുലർ കോളേജിന്റെ ബിരുദ സിലബസിലും സ്കീമിലും പ്രൈവറ്റ് രജിസ്ട്രേഷൻ സ്ട്രീം നടപ്പിലാക്കുന്നതിന് നിലവിലെ തടസ്സം എന്താണ് ; വിശദമാക്കുമോ ;

(ബി) റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം ഉണ്ടെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻകാർക്കും ഇതര യൂണിവേഴ്സിറ്റികൾ അവലംബിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഒരേ സിലബസിൽ പഠിക്കുന്ന എല്ലാ സ്ട്രീമിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഒരേ സ്കീമിൽ പരീക്ഷ നടത്തുന്നതിന് തയ്യാറാകുമോ : ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(ഡി) 1971-ൽ കേരളാ യൂണിവേഴ്സിറ്റി ആരംഭിച്ച പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം നിർത്തലാക്കുന്നതിന്റെ ഭാഗമായി ഡിഗ്രി തലത്തിലും സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിന് മുൻപ് ഈ വിഷയത്തിൽ ഒരു പഠനം സാദ്ധ്യമാക്കുന്നതിന് ഒരു കമ്മീഷനെ രൂപീകരിപ്പിക്കുവാൻ തയ്യാറാകുമോ ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) റഗുലർ കോഴ്സുകളുടെ മിക്കവാറും കോഴ്സുകൾ സെമസ്റ്റർ രീതിയിലും പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സ് ആനുവൽ സ്കീം പ്രകാരവുമാണ് നടക്കുന്നത്. അക്കാഡമിക് സമിതികളുടെ നിർദ്ദേശപ്രകാരം വേണ്ട ഭേദഗതികൾ വരുത്താവുന്നതാണ്.

(ബി) റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിരിക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ തലത്തിൽ ഇന്റേണൽ മാർക്ക് സമ്പ്രദായം നിലവിൽ ഇല്ല. ഈ വിഷയത്തിന്മേൽ ഒരു തീരുമാനം എടുക്കേണ്ടത് അക്കാദമിക് തലത്തിലാണ്.

(സി) ഒരേ സ്കീമിലും ഒരേ സിലബസിലും വ്യത്യസ്ത പരീക്ഷകൾ നടക്കുന്നില്ല.

(ഡി) ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റി നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ

134 (7103) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി നടത്തുന്ന എത്ര കെ.യു.സി.ടി.ഇ. കൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതെന്ന് വിശദമാക്കുമോ ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സെന്ററുകൾ ഏതെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly